# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87- Aff. 10485)
V.P.MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM-695 001
Phone: 0471-2471087- Fax: 0471-2471087
email: keecintuchq@gmail.com, Web: www.intuckeec.com

PRESIDENT
K.P. DHANAPALAN Ex.M.P.

GENERAL SECRETARY
SIBYKUTTY FRANCIS

TREASURER
V. GOPAKUMAR


No. KEEC/GL/2016

തിരുവനന്തപുരം

28-09-2016

സ്വീകർത്താവ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

വിഷയം: സീനിയർ അസിസ്റ്റന്റുമാരുടെയും ഇലക്ട്രിസിറ്റി വർക്കർമാരുടേയും ട്രാൻസ്ഫർ സംബന്ധിച്ച്.

സീനിയർ അസിസ്റ്റന്റുമാരുടെ 9.9.2016 ൽ ഇറങ്ങിയ ജനറൽ ട്രാൻസ്ഫർ ഓർഡറിൽ പാലക്കാട് സർക്കിളിൽ നിന്നും നാൽപതോളം പേരെ വയനാട് തുടങ്ങിയ ജില്ലകളിലേക്ക് സ്ഥലംമാറ്റി. ജനറൽ ട്രാൻസ്ഫർ നടക്കുന്നതിനുമുമ്പായി അംഗീകൃത ട്രേഡ് യൂണിയനുമായി നടത്തിയ ചർച്ചകളിൽ ഒന്നുംതന്നെ പാലക്കാട് ജില്ലയിൽനിന്നും സ്ഥലംമാറ്റാൻ തീരുമാനം എടുത്തിട്ടില്ലായിരുന്നു. സീനിയർ അസിസ്റ്റന്റുമാരുടെ നിരവധി ഒഴിവുകൾ നിലനിൽക്കുമ്പോഴാണ് ചട്ടങ്ങൾക്ക് വിരുദ്ധമായി കൂട്ട സ്ഥലംമാറ്റം നടത്തിയത്. ആയതിനാൽ പാലക്കാട് ജില്ലയിൽനിന്ന് സീനിയർ അസിസ്റ്റന്റുമാരെ സ്ഥലംമാറ്റിയ നടപടി റദ്ദ് ചെയ്യാനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ (HRM) ന് നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

ഇലക്ട്രിസിറ്റി വർക്കർമാരുടെ ജനറൽ ട്രാൻസ്ഫർ ഓർഡറിലും ചട്ടവിരുദ്ധമായി തിരുവനന്തപുരം ജില്ലയിൽ വർക്കർമാരെ സ്ഥലംമാറ്റിയിരിക്കുകയാണ്. ഇതിനെതിരെ ഞങ്ങളുടെ യൂണിയൻ സമാധാനപരമായി പ്രതിഷേധിച്ച സമയത്ത് തന്ന ഉറപ്പ് പ്രകാരം ചട്ടവിരുദ്ധ സ്ഥലംമാറ്റങ്ങൾ പരിശോധിച്ച് റദ്ദ് ചെയ്യാമെന്ന് ചീഫ് എഞ്ചിനീയർ (HRM) വാക്ക് തന്നിരുന്നു. എന്നാൽ പിന്നീട് ഇറങ്ങിയ ഉത്തരവുകളിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി 40 കി.മി യിൽ കൂടുതൽ ദൂരെത്തേക്ക് മാറ്റപ്പെട്ടവരുടെ ഉത്തരവുകൾ പോലും റദ്ദ് ചെയ്യപ്പെട്ടതായി

കാണുന്നില്ല. ജനറൽ ട്രാൻസ്ഫർ നടക്കുന്നതിനുമുമ്പായി അംഗീകൃത ട്രേഡ് യൂണിയനുമായി നടത്തിയ ചർച്ചകളിൽ ഒന്നുംതന്നെ അപേക്ഷയില്ലാതെ വർക്കർമാരെ സ്ഥലംമാറ്റില്ല എന്ന തീരുമാനവും എടുത്തിരുന്നു. അതിനുവിരുദ്ധമായാണ് തിരുവനന്തപുരം ജില്ലയിലെ 110 ഓളം വർക്കർമാരെ അപേക്ഷയില്ലാതെ സ്ഥലംമാറ്റിയത്. കൂടാതെ KSEB യിൽ നിലനിൽക്കുന്ന ജനറൽ ട്രാൻസ്ഫർ ഗൈഡ്ലൈൻ ബോർഡ് ഉത്തരവ് പ്രകാരം അപേക്ഷയില്ലാതെ ഇലക്ട്രിസിറ്റി വർക്കറെ 40 കി.മി യിൽ കൂടുതൽ ദൂരെത്തേക്ക് സ്ഥലംമാറ്റം ചെയ്യാൻ പാടില്ലയെന്ന ചട്ടവും നിലനിൽക്കുന്നു. ആയതിനാൽ തിരുവനന്തപുരം ജില്ലയിൽ 40 കി.മി യിൽ കൂടുതൽ ദൂരെത്തേക്ക് മാറ്റപ്പെട്ട ഇലക്ട്രിസിറ്റി വർക്കർമാരുടെ സ്ഥലംമാറ്റ ഉത്തരവുകൾ റദ്ദ് ചെയ്യാനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ (HRM) ന് നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി